പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3351　　　24.02.2016-ൽ മറുപടിക്ക്

## ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ്സുകളുടെ കുറവു കാരണം ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഷെഡ്യൂളുകളാണ് വെട്ടിക്കുറച്ചിട്ടുള്ളത്; എത്ര ബസ്സുകളുടെ കുറവാണ് ഡിപ്പോയിലുള്ളത്; വിശദമാക്കാമോ; | (എ) | ബസുകളുടെ കുറവ് കാരണം ഒരു ഷെഡ്യൂളും പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. 106 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് ആലപ്പുഴ യൂണിറ്റിന് അനുവാദം നൽകിയിട്ടുള്ളത്. ഇതിൽ പ്രതിദിനം ശരാശരി 81 ഷെഡ്യൂളുകൾ ആലപ്പുഴ നിന്നും നടത്തുന്നുണ്ട്. ബസ്സുകളുടെ കുറവ് കാരണം വരുമാനക്കുറവുള്ള ചില ഷെഡ്യൂളുകൾ ചില ദിവസങ്ങളിൽ നടത്തുവാൻ കഴിയാറില്ല.<br>നിലവിൽ സ്പെയർ ബസുകൾ ഉൾപ്പെടെ ഒരു ഫാസ്റ്റ് ബസിന്റേയും 16 ഓർഡിനറി ബസുകളുടെയും കുറവുണ്ട്. പുതിയ ബസുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും അനുവദനീയ തസ്തികകൾ എത്ര; നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു; എത്ര ഒഴിവുകളുണ്ട്; വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഡ്രൈവർമാരുടെ 263 അനുവദനീയ തസ്തികകളും കണ്ടക്ടർമാരുടെ 233 അനുവദനീയ തസ്തികകളും നിലവിലുണ്ട്. നിലവിൽ 218 സ്ഥിരം കണ്ടക്ടർമാരും 261 സ്ഥിരം ഡ്രൈവർമാരും ഉണ്ട്. കണ്ടക്ടർമാരുടെ 15 ഒഴിവുകളും ഡ്രൈവർമാരുടെ 2 ഒഴിവുകളും ഉണ്ട്. |

സെക്ഷൻ ഓഫീസർ